ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:08-04-2025**

## പ്രധാനവാർത്തകൾ

1. നിയമസഭകൾ പാസാക്കിയ ബില്ലുകളിൽ ഗവർണർമാർ തീരുമാനമെടുക്കുന്നതിന് സമയപരിധി നിർദ്ദേശിച്ച് സുപ്രീംകോടതി. ബില്ലുകൾ ദീർഘനാൾ പിടിച്ചുവെയ്ക്കുന്നത് നിയമ വിരുദ്ധമാണെന്നും കോടതി.

2. നിയമസഭയുടെ ജനാധിപത്യ അവകാശങ്ങളെ കോടതിവിധി ഉയർത്തിപ്പിടിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ.

3. ലോകത്തെ സുപ്രധാന സമുദ്ര ശക്തിയായി ഇന്ത്യയെ ഉയർത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ.

4. വീട്ടിലെ പ്രസവത്തിന്റെ ദോഷവശങ്ങളെപ്പറ്റി സംസ്ഥാനത്ത് ബോധവത്ക്കരണം ശക്തമാക്കാനൊരുങ്ങി ആരോഗ്യ വകുപ്പ്.

5. മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വൃത്തി കോൺക്ലേവിന് നാളെ തിരുവനന്തപുരത്ത് തുടക്കം.

RNU TVPM

6. ഐ.പി.എൽ ക്രിക്കറ്റിൽ ലക്നൗവിനെതിരെ കൊൽക്കത്തയ്ക്ക് 239 റൺസ് വിജയലക്ഷ്യം

*****************************************

## സുപ്രീംകോടതി - ഗവർണർ

സംസ്ഥാന നിയമസഭകൾ പാസാക്കിയ ബില്ലുകൾ ഗവർണർമാർ ദീർഘനാൾ പിടിച്ചുവെയ്ക്കുന്നത് നിയമ വിരുദ്ധമാണെന്ന് സുപ്രീംകോടതി. 10 ബില്ലുകളിന്മേൽ ഗവർണർ അനുമതി വൈകിക്കുന്നത് ചൂണ്ടിക്കാട്ടി തമിഴ്നാട് സർക്കാർ സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസുമാരായ ജെ ബി പർദിവാല, ആർ മഹാദേവൻ എന്നിവരടങ്ങിയ ബഞ്ചിൻ്റെ ഉത്തരവ്. ബില്ലുകൾക്ക് അംഗീകാരം നൽകുന്നതിന് കോടതി സമയപരിധിയും നിശ്ചയിച്ചു. ബില്ലുകൾ ഗവർണർ രാഷ്ട്രപതിയ്ക്ക് അയക്കുകയോ, തിരിച്ചയയ്ക്കുകയോ ചെയ്യുകയാണെങ്കിൽ ഇത് മൂന്ന് മാസത്തിനുള്ളിൽ ചെയ്യേണ്ടതാണ്. നിയമസഭ രണ്ടാമതും പാസ്സാക്കിയ ബില്ലുകളിന്മേൽ ഗവർണർമാർ ഒരു മാസത്തിനകം തീരുമാനമെടുക്കണം. കാര്യമായ മാറ്റങ്ങളില്ലാതെ രണ്ടാമതും പാസ്സാക്കിയ ബില്ലുകൾ രാഷ്ട്രപതിയ്ക്ക് വിടുന്ന നടപടിയെയും കോടതി രൂക്ഷമായി വിമർശിച്ചു. മുഖ്യമന്ത്രിയുടെയും മന്ത്രിസഭയുടെയും ഉപദേശപ്രകാരമാണ് ഗവർണർ പ്രവർത്തിക്കേണ്ടതെന്നും കോടതി നിരീക്ഷിച്ചു.

*****************************************

## ബിൽ പ്രതികരണം(ഇൻട്രോ)

സുപ്രീംകോടതി വിധി ഫെഡറൽ സംവിധാനത്തെയും നിയമസഭയുടെ ജനാധിപത്യ അവകാശങ്ങളെയും ഉയർത്തിപ്പിടിക്കുന്നതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിയമനിർമ്മാണ സഭയുടെ അധികാരങ്ങൾ ഗവർണർമാർ കയ്യടക്കുന്ന പ്രവണതയ്ക്കെതിരായ താക്കീത് കൂടിയാണ് വിധിയെന്നും അദ്ദേഹം പ്രതികരിച്ചു. കേരള

RNU TVPM

സർക്കാരിൻറെ നിലപാടുകളെ ശരിവക്കുന്ന വിധിയാണെതെന്ന് സംസ്ഥാന നിയമ മന്ത്രി പി.രാജീവ് പറഞ്ഞു. സംസ്ഥാന നിയമസഭ പാസ്സാക്കിയ ബില്ലുകൾ ഇത്തരത്തിൽ പിടിച്ചു വെച്ചിരുന്നതായി പറഞ്ഞ മന്ത്രി ഇത് ജനാധിപത്യത്തെ അട്ടിമറിക്കുന്ന സമീപനമാണെന്നും വിമർശനം ഉന്നയിച്ചു.

(ഹോൾഡ്)

*************************************************

## സർബാനന്ദ സോനോവാൾ - വാട്ടർമെട്രോ

ലോകത്തെ സുപ്രധാന സമുദ്ര ശക്തിയായി ഇന്ത്യയെ ഉയർത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണെന്ന് കേന്ദ്ര ഷിപ്പിംഗ് മന്ത്രി സർബാനന്ദ സോനോവാൾ. കൊച്ചി ഇന്ത്യൻ മാരി ടൈം യൂണിവേഴ്സിറ്റി ക്യാമ്പസിലെ പെൺകുട്ടികളുടെ ഹോസ്റ്റൽ, ലൈബ്രറി എന്നിവയുടെ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കൊച്ചി വാട്ടർ മെട്രോയിൽ കേന്ദ്രമന്ത്രി ഇന്ന് യാത്ര നടത്തി. ഫോർട്ട്കൊച്ചി , വൈപ്പിൻ റൂട്ടുകളിൽ ഒരു മണിക്കൂറിലേറെ യാത്രചെയ്ത അദ്ദേഹം അതുല്യമായ യാത്രാ അനുഭവമാണിതെന്ന് സന്ദർശക രജിസ്റ്ററിൽ കുറിച്ചു. വാട്ടർമെട്രോ രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽ നടപ്പാക്കുന്നതിനെക്കുറിച്ചും അദ്ദേഹം കൊച്ചി മെട്രോ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റയുമായി ചർച്ചചെയ്തു.

*************************************************

## വീട്ടിലെ പ്രസവം-വീണാ ജോർജ്

വീട്ടിലെ പ്രസവത്തെപ്പറ്റി സമൂഹ മാധ്യമങ്ങളിലൂടെ തെറ്റായ പ്രചരണങ്ങൾ നടത്തുന്നത് കുറ്റകരമാണെന്നും, ഇതിനെതിരെ നിയമ നടപടി സ്വീകരിക്കുമെന്നും മന്ത്രി വീണാ

RNU TVPM

ജോർജ്. അശാസ്ത്രീയ മാർഗങ്ങളിലൂടെയുള്ള പ്രസവം അമ്മയുടേയും കുഞ്ഞിന്റേയും ജീവന് ഭീഷണിയാണ്. സംസ്ഥാനത്ത് ഈ വർഷം 382 പ്രസവങ്ങൾ വീട്ടിലാണ് നടന്നത്. അതിഥി തൊഴിലാളികളുടെ ഇടയിലും ആദിവാസി മേഖലയിലും ഇത്തരം പ്രവണത കാണപ്പെടുന്നുണ്ട്. ഇതിന്റെ കാരണങ്ങൾ വിശദമായി പഠിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്നും, വീട്ടിലെ പ്രസവത്തിന്റെ ദോഷവശങ്ങളെപ്പറ്റി ബോധവത്ക്കരണം ശക്തമാക്കുമെന്നും മന്ത്രി പറഞ്ഞു.

******************************************

## മുഖ്യമന്ത്രി - അതിഥിതൊഴിലാളികൾ

അതിഥി തൊഴിലാളികളുടെ വാസസ്ഥലം സന്ദർശിച്ച് എല്ലാ കുട്ടികളുടെയും സ്കൂൾ പ്രവേശനം ഉറപ്പാക്കുന്നതിനായി അടുത്തമാസം പ്രത്യേക ക്യാമ്പയിൻ നടത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അതിഥി തൊഴിലാളികളുടെ കുട്ടികൾ വിദ്യാഭ്യാസ രംഗത്ത് പുറകോട്ട് പോകുന്നത് ചർച്ച ചെയ്യാൻ ചേർന്ന യോഗത്തിലാണ് തിരുമാനം.

RNI TVPM

******************************************

## വയനാട് പോസ്റ്റ് ഓഫീസ്

വയനാട് ജില്ലയിലെ ആദ്യത്തെ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രത്തെ വരവേൽക്കാനൊരുങ്ങി കൽപ്പറ്റ ഹെഡ് പോസ്റ്റ് ഓഫീസ്. ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് നാളെ നിർവ്വഹിക്കും. മന്ത്രിമാരായ ജോർജ് കുര്യൻ, ഒ.ആർ കേളു എന്നിവർ ചടങ്ങിൽ പങ്കെടുക്കും. പാസ്പോർട്ടിനും അനുബന്ധ സേവനങ്ങൾക്കുമായി അയൽ ജില്ലകളിലേക്ക് ദീർഘദൂരം സഞ്ചരിക്കേണ്ടി വന്നിരുന്ന വയനാട് നിവാസികൾക്ക് പുതിയ പാസ്പോർട്ട് സേവാ കേന്ദ്രം വളരെയധികം ആശ്വാസം പകരും .

****************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

****************************************

## രാഷ്ട്രപതി-പോർച്ചുഗൽ

വിദേശപര്യടനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു പോർച്ചുഗൽ സ്പീക്കർ ജോസ് പെഡ്രോ അഗ്യുയർ-ബ്രാങ്കോയുമായി കൂടിക്കാഴ്ച നടത്തി. പോർച്ചുഗൽ അസംബ്ലി നൽകിയ ഗാർഡ് ഓഫ് ഓണറും രാഷ്ട്രപതി സ്വീകരിച്ചു. ഇന്ത്യയും പോർച്ചുഗലും തമ്മിലുള്ള പ്രതിനിധിതല ചർച്ചകളും സന്ദർശനത്തിൻറെ ഭാഗമായി നടന്നു .

****************************************

PIU TVPM

## വൃത്തി കോൺക്ലേവ് - ഇൻട്രോ

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വൃത്തി കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരം കനകക്കുന്നിൽ ഉദ്ഘാടനം ചെയ്യും. ഈ മാസം 13 വരെ നടക്കുന്ന കോൺക്ലേവിൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ നടക്കും. **വിശദാംശങ്ങളിലേക്ക്.....**

**(വോയിസ്)**

****************************************

## രാജീവ് ചന്ദ്രശേഖർ

വഖഫ് ഭേദഗതി നിയമം യാഥാർഥ്യമാക്കിയതിലൂടെ, മുനമ്പത്തെ ജനങ്ങളുടെ സ്വത്തവകാശം സംരക്ഷിക്കുന്നതിനുള്ള ചരിത്രപരവും നിർണ്ണായകവുമായ തീരുമാനമാണ് കേന്ദ്ര സർക്കാർ കൈക്കൊണ്ടതെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ.

നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത സെക്ഷൻ 2A അനുസരിച്ച് മുനമ്പം നിവാസികളുടെ റവന്യൂ അവകാശങ്ങൾ അടിയന്തിരമായി പുന:സ്ഥാപിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഒരു പ്രത്യേക കാര്യത്തിനായി സൊസൈറ്റികൾക്കോ, ട്രസ്റ്റുകൾക്കോ നൽകിയിട്ടുള്ള വസ്തുക്കൾ വഖഫ് ബോർഡിന് അവകാശപ്പെടാൻ കഴിയില്ലെന്നാണ് സെക്ഷൻ 2A യിൽ പറയുന്നത്.

*******************************************

## നാട്ടിക - ഹൈക്കോടതി

നാട്ടികയിലെ ജനതാദൾ (യു) നേതാവ് പി ജി ദീപക് കൊല്ലപ്പെട്ട കേസിൽ പ്രതികളായ അഞ്ച് ആർഎസ്എസ് പ്രവർത്തകർക്ക് ജീവപര്യന്തം ശിക്ഷ വിധിച്ച് ഹൈക്കോടതി ഡിവിഷൻ ബെഞ്ച്. കേസിലെ ഒന്ന് മുതൽ അഞ്ച് വരെയുള്ള പ്രതികളായ ഋഷികേശ്, നിജിൻ, പ്രശാന്ത്, രസന്ത്, ബ്രഷ്നേവ് എന്നിവർക്കാണ് ശിക്ഷ വിധിച്ചത്. വിചാരണക്കോടതി വെറുതെവിട്ട പ്രതികൾ കുറ്റക്കാരാണെന്ന് ഹൈക്കോടതി കണ്ടെത്തുകയായിരുന്നു.

RNU TVPM

*******************************************

## ആകാശവാണി ശിൽപശാല

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ധനുവച്ചപുരം ഹയർസെക്കൻററി സ്കൂൾ ഓഡിറ്റോറിയത്തിൽ നാളെ അന്നവും ആരോഗ്യവും ശിൽപശാല സംഘടിപ്പിക്കുന്നു. രാവിലെ 10-ന് സി കെ ഹരീന്ദ്രൻ എംഎൽഎ ശിൽപശാലയുടെ ഉദ്ഘാടനം നിർവഹിക്കും. സൗജന്യ മെഡിക്കൽ ക്യാമ്പ്, കാർഷിക മേള, നാടൻപാട്ട് എന്നിവയും ഇതോടനുബന്ധിച്ച് നടക്കും.

*******************************************

## മദ്രസാധ്യാപകൻ - പോക്സോ കോടതി

മദ്രസ വിദ്യാർഥിയായിരുന്ന പതിനാറുകാരിയെ ലൈംഗികമായി പീഡിപ്പിച്ച മദ്രസാധ്യാപകന് 187 വർഷം തടവും ഒൻപത് ലക്ഷം രൂപ പിഴയും വിധിച്ച് തളിപ്പറമ്പ അതിവേഗ പോക്സോ കോടതി. കണ്ണൂർ ആലക്കോട് സ്വദേശി മുഹമ്മദ് ഷാഫിയെയാണ് കോടതി ശിക്ഷിച്ചത്. സമാനമായ മറ്റൊരു കേസിൽ ഇയാളെ മുൻപ് 26 വർഷം തടവിന് ശിക്ഷിച്ചിരുന്നു.

********************************************

## ഓഹരി/ സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ ഇന്ന് വൻ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,089 പോയിന്റ് ഉയർന്ന് 74,227 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 374 പോയിന്റ് നേട്ടത്തിൽ 22,535 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില കുറഞ്ഞു. പവന് 480 രൂപ താഴ്ന്ന് 65,800 രൂപയും ഗ്രാമിന് 8,225 രൂപയുമാണ് ഇന്നത്തെ വില.

RIJU TVPM

********************************************

## കാലാവസ്ഥ

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കൊല്ലം, വയനാട് ഒഴികെ 12 ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. പാലക്കാട്, തൃശൂർ ജില്ലകളിൽ താപനില 37°C വരെ ഉയരാൻ സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം നേരിയ മഴയ്ക്കും സാധ്യതയുണ്ട്.

********************************************

## ഐ പി എൽ

ഐ പി എൽ ക്രിക്കറ്റിൽ ലക്നൗ സൂപ്പർ ജയിൻ്റ്സിനെതിരെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിന് 239 റൺസ് വിജയലക്ഷ്യം. ടോസ് നഷ്ട്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ ലക്നൗ 20 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 238 റൺസ് എടുത്തു.

*******************************************

## ഓപ്പറേഷൻ ഡി-ഹണ്ട്

ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 120 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. 130 പേരെ അറസ്റ്റ് ചെയ്തു. 2,155 പേരെ പരിശോധനയ്ക്ക് വിധേയമാക്കി. 14 കിലോഗ്രാം കഞ്ചാവും പിടിച്ചെടുത്തു. മയക്കുമരുന്ന് സംബന്ധിച്ച വിവരങ്ങൾ ആൻറി നർക്കോട്ടിക്ക് കൺട്രോൾ റൂം നമ്പറായ 94 97 92 77 97 ൽ അറിയിക്കാവുന്നതാണ്.

RNU TVPM

*******************************************

## ബ്രൗൺഷുഗർ - പിടിയിലായി

ലക്ഷങ്ങൾ വിലയുള്ള ബ്രൗൺ ഷുഗറുമായ് തലശ്ശേരി റെയിൽ വേ സ്റ്റേഷനിൽ 3 പേർ പിടിയിൽ. മുംബൈയിൽ നിന്നും ട്രെയിൻ മാർഗം ബ്രൗൺ ഷുഗർ എത്തിക്കുന്നുണ്ടെന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ, തലശ്ശേരി സ്വദേശികളായ ഷുഹൈബ്, നാസർ, മുഹമ്മദ് അക്രം എന്നിവരെയാണ് പോലീസ് പിടികൂടിയത്.

************************************************************************************************************
**************************